**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4160** | **25-06-2018 ലെ മറുപടി**

**<u>എസ്റ്റിമേറ്റ് ആവശ്യപ്പെട്ട പ്രവൃത്തികൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ട പ്രവൃത്തികളെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പ്രവൃത്തികൾക്ക് ഡി.പി.ആർ നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | **<u>ജലസേചന വകുപ്പ്</u>**<br>കോട്ടക്കൽ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് പ്രവൃത്തികൾ 100 രൂപ ടോക്കൺ പ്രൊവിഷനോടെ 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>1. കുറ്റിപ്പുറം പഞ്ചായത്ത് മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങനക്കടവിൽ ഭാരതപ്പുഴയുടെ സൈഡ് വാൾ കെട്ടൽ<br>2. കൈതക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്<br>3. ഇരുമ്പിളിയം പഞ്ചായത്തിലെ ഇരുമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ സ്കീം പദ്ധതിയുടെ പ്രധാന കനാൽ ദീർഘിപ്പിച്ച് നിർമ്മിക്കുന്ന പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും<br>4. ഇരുമ്പിളിയം പഞ്ചായത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാന കനാൽ അഭിവൃദ്ധിപ്പെടുത്തലും അനുബന്ധ പ്രവൃത്തികളും<br>കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.<br>1. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ കാങ്ക കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ആർ.സി.ബി, കിഫ്ബി ധനസഹായത്തോടെ എസ്.പി.വി ആയ കെ.ഐ.ഡി.സി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>2. ഇരുമ്പിളിയം പഞ്ചായത്തിലെ മങ്കേരി എൽ.ഐ സ്കീമിന്റെ മെയിൻ കനാൽ ചെയിനേജ് 1/300 മുതൽ 1/600 മീറ്റർ വരെ അഭിവൃദ്ധിപ്പെടുത്തൽ (25 ലക്ഷം) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.<br>3. കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചങ്ങണക്കടവിന് മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (25 ലക്ഷം) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | 2017-2018 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; എസ്റ്റിമേറ്റ് ലഭിക്കാത്ത പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിലും സെക്രട്ടേറിയറ്റിലും നിലവിലുള്ള ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ? | | |

4. കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ കാവാതികുളം എന്ന സ്ഥലത്തെ കുളത്തിന്റെ നിർമ്മാണത്തിൽ 1 കോടി രൂപയുടെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

ആർ.എം.എഫിൽ ഉൾപ്പെടുത്താൻ സമർപ്പിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഇരിമ്പിളിയം പഞ്ചായത്തിൽ കൊടുമുടി വിഷ്ണുക്ഷേത്രം മുതൽ കൊടുമുടിക്കാവ് ഭഗവതി ക്ഷേത്രം വരെയുള്ള തൂതപ്പുഴയുടെ വലതുകര സംരക്ഷണം (50 ലക്ഷം) എഫ്.ഡി വർക്കിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആർ.എം.എഫ്-ൽ ഉൾപ്പെടുത്താൻ ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

2. കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എരുമപ്പാറ പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (50 ലക്ഷം) ആർ.എം.എഫിൽ ഉൾപ്പെടുത്താൻ ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തികൾക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ______ ആർ.എം.എഫ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ വിദഗ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സംസ്ഥാനതല വികസന സമിതി സ്ഥലം പരിശോധിച്ച് അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേരള ജല അതോറിറ്റി**

2017-2018 സാമ്പത്തിക വർഷം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും വളാഞ്ചേരി മുൻസിപ്പാലിറ്റിക്കും എടയൂർ, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് 75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന കിഫ്ബിയിൽ നടന്നു വരുന്നു. ഇത് സംബന്ധിച്ച ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവയ്ക്കുള്ള മറുപടി തയ്യാറാക്കി വരുന്നു. മേൽ പരിശോധനകൾക്കു ശേഷം കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**